## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത്: ബി.ആർ. യമുന**

**വിഷയം :-** വനം വകുപ്പ് - ജീവനക്കാര്യം - ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

**സൂചന :-**
1. ജി.ഒ.(പി) 85/2011/വനം തീയതി 26.02.2011.
2. ജി.ഒ.(എം.എസ്) നമ്പർ 03/2011/വനം തീയതി 29.01.2011.
3. ജി.ഒ.(എം.എസ്) നമ്പർ 60/2011/വനം തീയതി 22.12.2011.
4. ഉത്തരവ് നമ്പർ ഇ2-16221/09 തീയതി 18.05.2011.
5. ഉത്തരവ് നമ്പർ ഇ2-20714/07 തീയതി 17.09.2012.

## ഉത്തരവ് നമ്പർ ഇ2- 16221/09 തീയതി 15.11.2012

വനം വകുപ്പിൽ നിലവിലുണ്ടായിരുന്ന 224 ഡ്രൈവർ തസ്തികകളോടൊപ്പം സൂചന (1) ഉത്തരവ് പ്രകാരം 9 തസ്തികകളും സൂചന (2) ഉത്തരവ് പ്രകാരം 10 തസ്തികകളും പുതിയതായി അനുവദിച്ചതിനാൽ നിലവിൽ വകുപ്പിൽ ഡ്രൈവർമാരുടെ 243 ഡ്രൈവർ തസ്തികകൾ നിലവിലുണ്ട്. സൂചന (1) ഉത്തരവ് പ്രകാരം വകുപ്പിലെ ആകെ ഡ്രൈവർ തസ്തികകളെ 2:2:1 എന്ന അനുപാതത്തിൽ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നിങ്ങനെ ക്രമീകരിക്കുകയും സീനിയർ ഗ്രേഡ് ഡ്രൈവർമാരുടെ 10%-ത്തെ സെലക്ഷൻ ഗ്രേഡ് ഡ്രൈവർമാരാക്കിയും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ നിലവിലുണ്ടായിരുന്ന 243 ഡ്രൈവർ തസ്തികകളിൽ 5 എണ്ണം 14620-25280 രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് തസ്തികയായും, 44 എണ്ണം 11620-20240 രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയായും, 97 എണ്ണം 10480-18300 രൂപ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രൈവർ തസ്തികയായും, ശേഷിക്കുന്ന 97 എണ്ണം 9190-15780 രൂപ ശമ്പള സ്കെയിലിൽ രണ്ടാം ഗ്രേഡ് തസ്തികയായും പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

സൂചന (5)ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 01.01.2012 കണക്കാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിലവിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ തുടരുന്ന ക്രമനമ്പർ 1 - ശ്രീ. പൊന്മല സി. രാധാകൃഷ്ണൻ, ക്രമനമ്പർ 4- ശ്രീ. സെയ്ദ് ഹാഷിം ഹുസൈൻ എന്നിവർ യഥാക്രമം 31.08.2012, 30.09.2012 എന്നീ ദിവസങ്ങളിൽ വിരമിച്ചതുമൂലം ഉണ്ടായ രണ്ട് ഒഴിവും സൂചന 2, 3 ഉത്തരവ് മൂലം തസ്തികയിലെ എണ്ണം കൂടിയതുമൂലം സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലുണ്ടായ അധിക തസ്തികയും ഉൾപ്പെടെ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിലവിൽ മൂന്ന് ഒഴിവ് നിലവിലുണ്ട്. ആയത് താഴെപ്പറയുന്ന സീനിയർ ഗ്രേഡ് ഡ്രൈവർമാർക്ക് അവരവരുടെ പേരിന് നേരെ പറഞ്ഞിരിക്കുന്ന തീയതി പ്രാബല്യത്തിൽ 14620-25250 രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർമാരായി റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യ തീയതി |
|---|---|---|---|
| 1. | എ.ഡി. ആന്റോ | 6 | 01.09.2012 |
| 2. | എം. മോഹനൻ | 7 | 01.10.2012 |
| 3. | റ്റി. ജോസഫ് | 8 | 01.10.2012 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം മൂലം സീനിയർ ഗ്രേഡ് തസ്തികയിൽ ഉണ്ടായ 3 ഒഴിവുകളും സൂചന (2), (3) എന്നീ ഉത്തരവുകൾ പ്രകാരം അധികമായി സൃഷ്ടിച്ച തസ്തികകളുടെ അനുപാതത്തിലുണ്ടായ 4 ഒഴിവുകളും ശ്രീ. കെ. മാധവൻ (ക്രമനമ്പർ 7), ശ്രീ. വേണു. സി.കെ. (ക്രമനമ്പർ 16), ശ്രീ. ഗിരിദാസ് (ക്രമനമ്പർ 17), ശ്രീ. എ.പി. മോഹനൻപിള്ള (ക്രമനമ്പർ 20), ശ്രീ. കുഞ്ഞു. പി (ക്രമനമ്പർ 24) എന്നിവർ യഥാക്രമം 31.05.2012, 30.09.2012, 29.02.2012, 30.09.2012, 30.09.2012 എന്നീ തീയതികളിൽ വിരമിച്ചതുമൂലം ഉണ്ടായ ഒഴിവുകളും അടക്കം സീനിയർ ഗ്രേഡ് തസ്തികയിൽ 12 ഒഴിവുകൾ വന്നിട്ടുണ്ട്. ടി ഒഴിവുകളിലേക്ക് താഴെപ്പറയുന്ന രണ്ടാം ഗ്രേഡ് ഡ്രൈവർമാർക്ക് അവരവരുടെ പേരിന് നേരെ പറഞ്ഞിരിക്കുന്ന തീയതി പ്രാബല്യത്തിൽ 11620 - 20240 രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യ തീയതി |
|---|---|---|---|
| 1. | അനിൽകുമാർ. എം.വി. | 46 | 01.03.2012 |
| 2. | രാജഗോപാലൻ. ജി. | 47 | 01.06.2012 |

| | | | |
|---|---|---|---|
| 3. | ഫിലിപ്പ് വർഗ്ഗീസ് | 48 | 01.10.2012 |
| 4. | മണിയൻ. എം.എ. | 49 | 01.10.2012 |
| 5. | ചന്ദ്രശേഖരപിള്ള. പി. | 50 | 01.10.2012 |
| 6. | ലീവീസ്. പി.സി. | 51 | 01.10.2012 |
| 7. | ബേബി. എ.ആർ. | 52 | 01.10.2012 |
| 8. | ചന്ദ്രൻ. കെ. | 53 | 01.10.2012 |
| 9. | ജയകുമാർ. എം. | 55 | 01.10.2012 |
| 10. | കഫൂർ. എ.എസ്. | 56 | 01.10.2012 |
| 11. | സിയാദ്. വി.കെ. | 57 | 01.10.2012 |
| 12. | ഓമനക്കുട്ടൻ. റ്റി.എസ്. | 58 | 01.10.2012 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം മൂലം ഉണ്ടായ 12 ഒഴിവും ഒന്നാം ഗ്രേഡ് ഡ്രൈവർമാരായിരുന്ന ശ്രീ. എ.ആർ. രവീന്ദ്രൻ (ക്രമനമ്പർ 54), ശ്രീ. പി.എ. മുഹമ്മദ് (ക്രമനമ്പർ 79), ശ്രീ. എം.എസ്. സുധർകുമാർ (ക്രമനമ്പർ 86) എന്നിവർ യഥാക്രമം 31.03.2012, 30.05.2012, 31.07.2012 എന്നീ തീയതികളിൽ വിരമിച്ചതുമൂലം ഉണ്ടായ മൂന്ന് ഒഴിവുകളും സൂചന (2), (3) ഉത്തരവ് പ്രകാരം തസ്തികകളുടെ എണ്ണം കൂടിയത് മൂലം ഉണ്ടായ അധിക തസ്തികകളും ഉൾപ്പെടെ ഒന്നാം ഗ്രേഡ് തസ്തികയിൽ നിലവിൽ 22 ഒഴിവുണ്ട്. മേൽ സൂചന അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ യോഗ്യരായ താഴെപ്പറയുന്ന രണ്ടാം ഗ്രേഡ് ഡ്രൈവർമാരെ 10480 - 18300 രൂപ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രൈവർമാരായി റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യ തീയതി |
|---|---|---|---|
| 1. | സന്തോഷ്. ബി. | 137 | 1.04.2012 |
| 2. | ഷാജി. പി.എച്ച്. | 138 | 01.06.2012 |
| 3. | പ്രദീപ്. പി. | 139 | 01.08.2012 |
| 4. | സുകു. റ്റി.എ | 140 | 01.10.2012 |
| 5. | ഹൈപ്. എം.ഐ. | 141 | 01.10.2012 |
| 6. | അജയകുമാർ. എസ്. | 142 | 01.10.2012 |
| 7. | ഷംനാദ് | 143 | 01.10.2012 |

| | | | |
|---|---|---|---|
| 8. | മധുസൂദനൻ. എൻ. | 144 | 01.10.2012 |
| 9. | അലൻ ഷുരൂദർ | 145 | 01.10.2012 |
| 10. | രാധാകൃഷ്ണൻ. പി.കെ. | 146 | 01.10.2012 |
| 11. | രാജേന്ദ്രൻ. എസ്. | 147 | 01.10.2012 |
| 12. | ഷഫീക്ക്. എ | 148 | 01.10.2012 |
| 13. | ജിമ്മി ജോസഫ് | 149 | 01.10.2012 |
| 14. | ബൈജു. ബി. | 150 | 01.10.2012 |
| 15. | പ്രകാശ്. എം.വി. | 151 | 01.10.2012 |
| 16. | ഷിബു. എസ്. | 152 | 01.10.2012 |
| 17. | ഷാജി. പി.എച്ച് | 153 | 01.10.2012 |

മേൽ വിവരിച്ച സ്ഥാനക്കയറ്റങ്ങൾ സൂചന (1)ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പള സ്കെയിലുകളിലാണ് അനുവദിച്ചിട്ടുള്ളത്. അതിന് സമാനമായ പഴയ ശമ്പള സ്കെയിലുകളിൽ സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്ക് വീണ്ടും ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

YamunaBR

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

<u>**പകർപ്പ് :**</u>

1. *വ്യക്തികൾക്ക് (മേലധികാരികൾ മുഖേന)*
2. *ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം/ ഹൈറേഞ്ച് സർക്കിൾ, കോട്ടയം/ സെൻട്രൽ സർക്കിൾ, തൃശൂർ, ഈസ്റ്റേൺ സർക്കിൾ, പാലക്കാട്/ നോർത്തേൺ സർക്കിൾ, കണ്ണൂർ.*
3. *പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ പി.എ.യ്ക്ക്.*
4. *പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പി.എ.യ്ക്ക്.*
5. *അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ സി.എ.യ്ക്ക്.*
6. *വനം വകുപ്പ് വെബ്സൈറ്റിൽ.*
7. *എച്ച്-സെക്ഷന്.*
8. *സ്റ്റോക്ക്/സ്പെയർ.*